**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1295** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>റിവർ മാനേജ്മെൻറ് ഫണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** റവന്യൂ വകുപ്പിന് കീഴിൽ ഇപ്പോഴുള്ള റിവർ മാനേജ്മെൻറ് ഫണ്ട് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 റൂൾ 22 പ്രകാരമാണ് റിവർ മാനേജ്മെന്റ് ഫണ്ട് നിലവിൽ വന്നിട്ടുള്ളത്. നദീതീരസംരക്ഷണ പ്രവൃത്തികൾ, നിയമാനുസൃത മണൽ ഖനനം, അനധികൃത മണൽ കടത്ത് തടയുന്നതിനുള്ള പ്രവൃത്തികൾ എന്നിവയ്ക്കായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നു. കൂടാതെ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും റിവർ മാനേജ്മെന്റ് ഫണ്ടിന്റെ പ്രവർത്തനവും വിനിയോഗവും നടത്തി വരുന്നു.

**(ബി)** നിലവിലുള്ള റിവർ മാനേജ്മെൻറ് ഫണ്ടിന്റെ ധനാഗമന സ്രോതസ്സുകൾ വിശദീകരിക്കുമോ;

**<u>മറുപടി:</u>** കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് 2001ലെയും കേരള നദീതീരസംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002ലെയും വ്യവസ്ഥകൾ പ്രകാരം ചുമത്തുന്ന എല്ലാ പിഴ തുകകളും, പുഴമണൽ കടത്തുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങളുടെ ലേലം നടത്തി ലഭിക്കുന്ന തുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മണൽ വില്പനയിലൂടെ സമാഹരിക്കുന്ന തുകയുടെ 50 ശതമാനം, 2001-ലെ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടി സർക്കാർ അനുവദിക്കുന്ന ഗ്രാന്റുകൾ, പൊതുജനങ്ങളിൽ നിന്നും സർക്കാരിതര ഏജൻസികളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ എന്നിവയാണ് റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ധനാഗമന സ്രോതസ്സുകൾ.

**(സി)** റിവർ മാനേജ്മെൻറ് ഫണ്ട് പദ്ധതിക്ക് കീഴിൽ കഴിഞ്ഞ അഞ്ചുവർഷം അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ഡി)** പുതുതായി ഏതെങ്കിലും നദിയിൽ നിന്ന് മണൽ എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നദികളിൽ നിന്നാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഇല്ല. മണൽ ഖനനം പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**തിരുവനന്തപുരം**

തിരുവനന്തപുരം ജില്ലയിൽ റിവർമാനേജ്മെന്റ് ഫണ്ട് പദ്ധതിക്ക് കീഴിൽ കഴിഞ്ഞ അഞ്ച് വർഷം ഫണ്ടുകൾ അനുവദിച്ചിട്ടില്ല.

**കൊല്ലം**

| സാമ്പത്തിക വർഷം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2021-22 | 1 | 17,51,103/- | 17,51,103/- |
| 2022-23 | 4 | 56,54,997/- | 56,54,997/- |
| 2023-24 | 1 | 14,02,968/- | 14,02,968/- |
| 2024-25 | 4 | 1,08,61,404/- | 1,08,61,404/- |
| 2025-26 | 2 | 39,88,000/- | 0 (പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്) |

**പത്തനംതിട്ട**

| സാമ്പത്തിക വർഷം | വരവ് | ചെലവ് | മാർച്ച് 31 തീയതിയിലെ ബാലൻസ് തുക | റിമാർക്ക്സ് |
|---|---|---|---|---|
| 2021-2022 | 0 | 1,93,00,100/- | 31,75,906/- | Court attachment in LAR 16/87 in EA 06/2020 (Balance as on 05.04.2021 |
| 2022-2023 | 0 | 13,47,568/- | 0 | |
| 2023-2024 | 0 | 0 | 0 | |
| 2024-2025 | 1,60,000/- | | | Started a general purpose account in UCO Bank Pathanamthitta to deposit the amount remitted to RMF |
| 2025-2026 | 5,35,000/- | | | |

| | | | | |
|---|---|---|---|---|
| | | | | |

**ആലപ്പുഴ**

ആലപ്പുഴ ജില്ലയിൽ റിവർമാനേജ്മെന്റ് പദ്ധതികൾ ഇല്ലാത്തിനാൽ കഴിഞ്ഞ അഞ്ച് വർഷം ഫണ്ടുകൾ ഒന്നും അനുവദിച്ചിട്ടില്ലാത്തതാണ്.

**ഇടുക്കി**

നിലവിൽ ഫണ്ടുകളൊന്നും അനുവദിച്ചിട്ടില്ല.

**കോട്ടയം**

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കോട്ടയം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് മുഖേനയുള്ള പദ്ധതികളൊന്നും നിലവിലില്ല.

**എറണാകുളം**

റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ 2019 മുതൽ നാളിതു വരെ നടത്തിയിട്ടില്ലാത്തതാണെന്നും, 27.07.2023 തീയതിയിലെ സ.ഉ.(സാധാ) 2785/2023/RD, 06.03.2024 തീയതിയിലെ സ.ഉ.(സാധാ) 885/2024/RD നമ്പർ ഉത്തരവുകൾ അനുസരിച്ച് എറണാകുളം ജില്ലയ്ക്ക് ഒരു ഇന്നോവ ക്രിസ്റ്റ, മഹീന്ദ്ര ബൊലെറോ എന്നീ വാഹനങ്ങൾ അനുവദിച്ച് തന്നിട്ടുള്ളതിൻ പ്രകാരം ജില്ലാ കളക്ടറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (A/C No. 67303061804), ബാങ്ക് ഓഫ് ബറോഡ (A/C No.30580100003951) എന്നീ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ഇന്നോവ ക്രിസ്റ്റ വാങ്ങുന്നതിന് 22,32,940/- രൂപയും, മഹീന്ദ്ര ബൊലെറോ വാങ്ങുന്നതിന് 10,13,500/-രൂപയും അനുവദിച്ചിട്ടുണ്ട്.

**തൃശ്ശൂർ**

| സാമ്പത്തിക വർഷം | അനുവദിച്ച തുക |
|---|---|
| 2021-2022 | 30,99,443/- |
| 2022-2023 | 44,58,816/- |
| 2023-2024 | 1,58,04,177/- |
| 2024-2025 | 1,64,268/- |
| 2025-2026 | 2,43,31,886/- |

**പാലക്കാട്**

| സാമ്പത്തിക വർഷം | വരവ് | ചെലവ് |
|---|---|---|
| 2021-2022 | 3,07,16,921/- | 3,07,16,901/- |

| | | |
|---|---|---|
| 2022-2023 | 2,92,78,141/- | 3,02,78,141/- |
| 2023-2024 | 1,27,64,872/- | 1,25,32,857/- |
| 2024-2025 | 1,23,76,532/- | 1,23,76,532/- |
| 2025-2026 | 82,60,867/- | 82,42,867/- |

**<u>മലപ്പുറം</u>**

| സാമ്പത്തിക വർഷം | വരവ് | ചെലവ് |
|---|---|---|
| 2021-2022 | 1,77,63,144/- | 42,94,930/- |
| 2022-2023 | 2,53,57,851/- | 2,98,52,935/- |
| 2023-2024 | 1,16,38,235/- | 55,88,902/- |
| 2024-2025 | 1,19,12,661/- | 27,38,045/- |
| 2025-2026 | 1,79,84,664/- | 1,71,49,094/- |

**<u>കോഴിക്കോട്</u>**

| സാമ്പത്തിക വർഷം | വരവ് | ചെലവ് |
|---|---|---|
| 2021-2022 | 6,19,70,803/- | 87,66,623/- |
| 2022-2023 | 55,36,176/- | 1,07,97,643/- |
| 2023-2024 | 13,69,534/- | 66,09,280/- |
| 2024-2025 | 5,46,853/- | 27,45,279/- |
| 2025-2026 | 6,24,322/- | 3,20,03,069/- |

**<u>വയനാട്</u>**

| സാമ്പത്തിക വർഷം | വരവ് |
|---|---|
| 2021-2022 | 50,40,154/- |
| 2022-2023 | 49,31,357/- |
| 2023-2024 | 59,14,512/- |
| 2025-2026 | 47,71,775/- |

**<u>കണ്ണൂർ</u>**

| സാമ്പത്തിക വർഷം | വരവ് | ചെലവ് |
|---|---|---|
| 2021-2022 | 84,24,520/- | 79,36,445/- |
| 2022-2023 | 62,78,320/- | 87,72,223/- |

| | | |
|---|---|---|
| 2023-2024 | 66,64,491/- | 47,71,001/- |
| 2024-2025 | 94,63,461/- | 89,16,024/- |
| 2025-2026 | 1,64,76,505/- | 1,39,83,541/- |

**കാസർഗോഡ്**

| സാമ്പത്തിക വർഷം | വരവ് | ചെലവ് |
|---|---|---|
| 2021-22 | 17,90,130/- | 8,36,309/- |
| 2022-23 | 97,39,255/- | 9,01,280/- |
| 2023-24 | 74,56,975/- | 23,11,571/- |
| 2024-25 | 23,64,486/- | 946/- |
| 2025-26 | 11,45,200/- | 29,82,260/- |